JANUARY 24 2011

www.kcschicago.com

THE KCS NEWS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 1 ISSUE 2

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **Cyriac Koovakattil**
Secretary: **Simon Abraham Muttathil**
News Editor : **John Karamyalil**

പിതാക്കന്മാരുടെ അനുസ്മരണവും പ്രവർത്തനോദ്ഘാടനവും ജനുവരി 29 ശനിയാഴ്ച



ക്നാനായ സമുദായത്തി ലെ ദിവംഗതരായ മാക്കീൽ പിതാവിന്റെയും, ചൂളപ്പറമ്പിൽ പിതാവിന്റെയും, തറയിൽ പിതാവിന്റെയും ഓർമ്മ ആചരണവും കെ.സി.എസിന്റെ 16-ാമത് ഭരണ സമിതിയുടെ പ്രവർത്തനോദ്ഘാടനവും വിപുലമായ രീതിയിൽ 29-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്റിൽവച്ച് നടത്തപ്പെടുന്നു. കെ.സി.എസിന്റെ എല്ലാ പോഷകസംഘടനകളുടെയും നേതൃത്വത്തിൽ കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും കലാപരിപാടികൾ നടത്തപ്പെടുന്നതാണ്. കെ.സി.എസിന്റെ മുൻ പതിനഞ്ച് എക് സിക്യൂട്ടീവ് കമ്മറ്റിയുടെയും എല്ലാ പോഷകസംഘടനകളുടെയും പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനോദ്ഘാടന പരിപാടിയിലേക്കും അനുസ്മരണ സമ്മേളനത്തിലേയ്ക്കും സ്നേഹവിരുന്നിലേക്കും മുഴുവൻ കെ.സി.എസ്. അംഗങ്ങളെയും കുടുംബസമേതം കമ്മ്യൂണിറ്റി സെന്ററിലേക്ക് സാദരം ക്ഷണിക്കുന്നു.

കെ.സി.എസ്. ഫണ്ട് റെയിസിംഗ് പ്രോഗ്രാം മെയ് 20 വെള്ളിയാഴ്ച

കെ.സി.എസിന്റെ ധനശേഖരണാർത്ഥം 2011 മെയ് 20 വെള്ളിയാഴ്ച വൈകിട്ട് ചിക്കാഗോയിൽ (ഓൾഡ് ഗേറ്റ്വെ തീയേറ്റർ) വച്ച് ശാലീനസുന്ദരി പ്രസിദ്ധ സിനിമാതാരം മീരാ ജാസ്മിൻ, മിമിക്രിലോക താരരാജാവ് സുരാജ് വെഞ്ഞാറമൂട്, സൂപ്പർ സ്റ്റാർ ബാലയും മറ്റ് അനേകം കലാകാരന്മാരും കൂടി അവതരിപ്പിക്കുന്ന സ്റ്റേജ്ഷോ ഉണ്ടായിരിക്കുന്നതാണ്. ഈ സായംസന്ധ്യയെ കൂടുതൽ മോടിപിടിപ്പിക്കുവാനും മധുരിപ്പിക്കുവാനും പരമാവധി എല്ലാ കുടുംബങ്ങളും സ്പോൺസേഴ്സ് ആകണമെന്നും കെ.സി.എസിന്റെ മുഴുവൻ അംഗങ്ങളും ഈ ഷോ കാണുന്നതിനൊപ്പം പരമാവധി ടിക്കറ്റുകൾ വിൽക്കാൻ സംഘാടകരെ സഹായിക്കണമെന്നും കെ.സി.എസ്. എക്സിക്യൂട്ടീവ് അഭ്യർത്ഥിക്കുന്നു.

വിമൻസ്ഫോറത്തിനും യുവജനവേദിക്കും കെ.സി.വൈ.എൽ.നും കരുത്തുറ്റ നവനേതൃത്വം

കെ.സി.എസിന്റെ പോഷക സംഘടനയായ വിമൻസ് ഫോറത്തിനും യുവജനവേദിക്കും കെ.സി.വൈ.എൽ. നും കരുത്തുറ്റ പുതിയ നേതൃത്വങ്ങൾ ചുമതലയേറ്റു. സംഘടനാപാടവവും അർപ്പണമനോഭാവവും ചുറുചുറുക്കുമുള്ള പുതിയ നേതൃത്വങ്ങളുടെ ആഭിമുഖ്യത്തിൽ പോഷകസംഘടനകളായ വിമൻസ് ഫോറത്തിനും യുവജനവേദിക്കും കെ.സി.വൈ.എൽ. ന്റെയും നേതൃത്വത്തിൽ ചടുലമായ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. സമുദായംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ പോഷകസംഘടനകളുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾക്ക് കെ.സി.എസ്. എല്ലാ സഹായസഹകരണവും എക്സിക്യൂട്ടീവ് വാഗ്ദാനം ചെയ്തു. പോഷകസംഘടനാനേതൃത്വങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും പേജിൽ

4 ൽ

സൂപ്പർബോൾ പാർട്ടി ഫെബ്രുവരി 6 ന് കമ്മ്യൂണിറ്റി സെന്ററിൽ

അമേരിക്കയിലെ ഏറ്റവും പ്രസിദ്ധമായ ഫുട്ബോൾ മത്സരത്തിന്റെ ഫൈനൽ മത്സരമായ സൂപ്പർബോൾ കാണുവാൻ കമ്മ്യൂണിറ്റി സെന്ററിൽ അവസരമൊരുക്കുന്നു. നമുക്കെല്ലാവർക്കും ഒന്നിച്ചിരുന്ന് ഈ മത്സരം ആസ്വദിക്കുവാൻ നിങ്ങളേവരേയും **ഫെബ്രുവരി 6-ാം തീയതി 5 മണിക്ക് കമ്മ്യൂണിറ്റി സെന്ററിലേക്ക് ക്ഷണിക്കുന്നു.**

EXECUTIVE BOARD:
President
CYRIAC KOOVAKATTIL
630 673 3382
Vice President
BINU POOTHURAYIL
847 644 9869
Secretary
SIMON MUTTATHIL
847 910 4531
Joint Secretary
MATHIAS PULLAPPALLIL
847 644 6305
Tressurer
JOMON THODUKAYIL
312 719 3517

LEGISLATIVE BOARD
George Chakkalathottyil (Chairman)
Zachariah Chelackal (V. Chairman)

FINANCE COMMITTEE
Tomy Nediyakalayil (Chairman)
Sajan Mudiyurkunnel (V. Chairman)
Babu Thaiparambil
Deepu Kandarapally
Sunny Mundaplackal

OUT DOOR COMMITTEE
Shibu Mulayanikunnel (Chairman)
Arun Nellamattom (V. Chairman)
Sijo Kulathil Karottu
Shajan Anithottam
Romy Nedumchirayil

ENTERTAINMENT COMMITTEE
Roy Chelamalayil (Chairman)
Anil Edukkuthara (V. Chairman)
Gigi Kunnathukizhakkethil
Anitha Panayaparambil
Anil Edukkuthara

LITURGY COMMITTEE
Philip Panayaparampil (Chairman)

WEBSITE COMMITTEE
Teddy Muzhayanmakil (Chairman)

MEMBERSHIP COMMITTEE
Thankachan Vettikkattil (Chairman)

NEWSLETTER COMMITTEE
John Karamyalil (News Editor)
Jose Oliyanickal (Sub Editor)

LAISON BOARD
Michael Maniparambil (Chairman)
Sunny Idiyalill (V. Chairman)
Philip Choottuvellil
Alex Paikatt
Johny Kottoor

BUILDING BOARD
Stephan Kizhakkekkutt
Paulson Kulangara

NATIONAL COUNCIL MEMBERS:
Nimi Thuruthuvelil
Shiju Cheriyathil
Raju Inchanattu
Chinnu Thottom
Shaji Palliveettil
Tinu Paranjattu
Vipin Chalumkal

AUDITOR
Mathew Maplett
847 208 8508

എഡിറ്റോറിയൽ

ചിക്കാഗോ കെ.സി.എസ് മാതൃകയാവുന്നു

ക്നാനായ സമുദായത്തിന്റെ ദൃഢമായ ഐക്യത്താൽ അനേകം വർഷങ്ങളായി കെ.സി.എസ് ന്റെയും അതിന്റെ പോഷക സംഘടകളുടേയും വർഷാവർഷങ്ങളിൽ വരുന്ന ഒഴിവുകളിലേയ്ക്ക് സന്നദ്ധത പ്രകടിപ്പിച്ചുവരുന്ന ആൾക്കാർ പൊതുജന സഹകരണത്തിലൂടെ ഐകകണ്ഠേന തെരഞ്ഞെടുപ്പില്ലാതെ അംഗീകരിക്കപ്പെട്ട് അധികാരസ്ഥാനങ്ങളിൽ എത്തുന്നു. അതിലൂടെ നമുക്ക് ധാരാളം സമയ-സാമ്പത്തിക ലാഭവും തദ്വാര പല തരത്തിലുള്ള ബുദ്ധിമുട്ടുകളും ഇല്ലാതാവുന്നു. സമുദായത്തേയും സഭയേയും പഠിച്ച് സമുദായത്തെ അതിന്റെ പരിശുദ്ധിയോടെ സംരക്ഷിക്കേണ്ടിതിന്റെ ആവശ്യം മനസ്സിലാക്കി സമുദായ സഭാ സംഘടനകളുടേയും അവയുടെ പോഷക സംഘടനകളുടേയും നേതൃത്വമുൻനിരകളിൽ മുതിർന്നവരേക്കാളും ആവേശത്തോടെ ഇന്ന് യുവജനങ്ങൾ കൂടുതൽ ഉള്ളത് ചിക്കാഗോയിലാണ്.

ഭരണ സമിതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നവരെ ഈ ഭരണസമിതി ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നുണ്ട്. പുതുവത്സരാഘോഷവും പുതിയ ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞയും പൂർവ്വാധികം ഭംഗിയായത് നമ്മുടെയെല്ലാവരുടേയും സാന്നിദ്ധ്യവും സഹകരണവും പങ്കാളിത്തവും മൂലമാണ്. ഈ സാന്നിദ്ധ്യ-സഹകരണ-പങ്കാളിത്തം അവരെ കൂടുതൽ കർത്തവ്യനിരതരാക്കുന്നു.

ഈ വരുന്ന കെ.സി.സി.എൻ.എ ഭരണ സമിതിയിലേയ്ക്കു മത്സരിക്കുന്ന പ്രസിഡന്റ് സ്ഥാനാർത്ഥികളെ തുല്യപ്രാധാന്യത്തോടെ ജനുവരി 15 ശനിയാഴ്ച കെ.സി.എസ് സംഘടിപ്പിച്ച 'Meet the Candidate' പ്രോഗ്രാമിലൂടെ ഒന്നിച്ചുകൂട്ടുവാനും അവരുടെ ലക്ഷ്യങ്ങളും ഭാവി പ്രവർത്തന രീതിയും ബഹുജനങ്ങൾക്ക് വിശദീകരിക്കുന്നതിനും ജനങ്ങളുടെ സംശയങ്ങൾക്കും ആശങ്കകൾക്കും ഉത്തരം കൊടുക്കുവാനും അവരുടെ പാനലിലെ മറ്റ് അംഗങ്ങളെ പരിചയപ്പെടുത്തുവാനും ആരോഗ്യപരമായ നല്ല ഒരു സൗഹൃദം ചിക്കാഗോ ക്നാനായ കത്തോലിക്കരുമായി പങ്കുവെയ്ക്കുവാനും അവസരം കൊടുത്തതിലൂടെ നമുക്ക് അവർ ഓരോരുത്തരേയും വിലയിരുത്തുവാനും സാധിച്ചു.

വിവിധ പരിപാടികളാൽ നമ്മുടെ കമ്മ്യൂണിറ്റി സെന്റർ എന്നുംതന്നെ ഉപയോഗിക്കപ്പെടുന്നു. പ്രതികൂല കാലാവസ്ഥയെ അവഗണിച്ചും എല്ലാ പരിപാടികളിലും മിക്കവാറും എല്ലാ ക്നാനായ മക്കളും കമ്മ്യൂണിറ്റി സെന്ററിലെ പരിപാടികളിൽ തങ്ങളുടേതായ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു. വിവിധ അഭിപ്രായ വ്യത്യാസങ്ങൾക്കിടയിലെ രസകരങ്ങളും ഒപ്പം എത്തിച്ചേരുന്ന ഉറച്ച ഏക തീരുമാനവും വളരെയധികം ശ്രദ്ധിക്കപ്പെടുന്നു.

ജോൺ കരമ്യാലിൽ
ന്യൂസ് എഡിറ്റർ

കമ്മ്യൂണിറ്റി സെന്ററിൽ മലയാളം ക്ലാസ്സ്ആരംഭിക്കുന്നു

പാശ്ചാത്യ സംസ്ക്കാരത്തിൽ ജനിച്ച് വളരുന്ന നമ്മുടെ കുട്ടികൾക്ക് നമ്മുടെ മാതൃഭാഷയെ പരിചയപ്പെടുത്തുവാനും അഭ്യസിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി സെന്ററിൽ മലയാളം ക്ലാസ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : ജോൺ കരമ്യാലിൽ- 708 224 6765, മേയമ്മ വെട്ടിക്കാട്ട് - 847 8901057 എന്നിവരുമായി ഉടൻ ബന്ധപ്പെടുക.

HOT LINE NUMBER

കെ.സി.എസിന്റെ പുതിയ ഹോട്ട്ലൈൻ നമ്പർ
630 673 3382.
കെ.സി.എസിന്റെ അംഗങ്ങൾക്ക് ഏതുസമയത്തും ഈ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

Presidential DESK

പ്രിയ മാതാപിതാക്കളെ, സഹോദരീ സഹോദരങ്ങളെ, സുഹൃത്തുക്കളെ,

സംഘടന എന്ന നിലയിൽ സമുദായാംഗങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ എന്തെല്ലാമാണ്. ഇവരുടെ സാമൂഹികവും സാംസ്ക്കാരികവുമായ വളർച്ചയിൽ സംഘടനാപരമായി നമ്മുക്ക് എന്തുചെയ്യുവാൻ സാധിക്കും എന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാനാണ് പുതിയതായി ചുമതലയേറ്റ ഭരണ സമിതി എന്ന നിലയിൽ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അംഗങ്ങളുടെ സജീവമായ പങ്കാളിത്തം സംഘടനാപ്രവർത്തനങ്ങളിൽ ഉണ്ടാകുക വഴിയാണ് സംഘടനകൾ ശക്തമാകുന്നത് എന്നതിൽ തർക്കമില്ല. എന്നാൽ ഇത് എങ്ങനെ സാദ്ധ്യമാക്കാം എന്ന ചോദ്യത്തിനുത്തരം പോഷക സംഘടനകളുടെ ശാക്തീകരണവും സംഘടനാംഗങ്ങളുടെ ആവശ്യകത കണ്ടറിഞ്ഞുള്ള നൂതന പരിപാടികളുമാണെന്നാണ് ഞങ്ങളുടെ പ്രാഥമിക നിഗമനം. ആയതുകൊണ്ടു തന്നെ കെ.സി.എസ് ന്റെ പോഷക സംഘടനകളെ ശക്തമാക്കുക എന്ന കർത്തവ്യം ഒരു വെല്ലുവിളിയായി ഏറ്റെടുക്കുകയും അതിന്റെ ആദ്യപടിയായി ശക്തമായ ഒരു നേതൃത്വത്തെ കണ്ടെത്തുവാനും സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. കെ.സി.എസ് ന്റെ പോഷക സംഘടനകളായ വിമൻസ് ഫോറത്തിനും യുവജനവേദിയ്ക്കും, കെ.സി.വൈ.എൽ നും കരുത്തുറ്റ പ്രവർത്തന പരിചയമുള്ള, സംഘടനാ പാടവമുള്ള ശക്തമായ നേതൃത്വമാണ് ഇന്ന് നമ്മുക്ക് ലഭിച്ചിരിക്കുന്നത്.

ഗ്രേസി വാച്ചാച്ചിറ, ഡെല്ല നെടിയകാലായിൽ, ലിസി തോട്ടപ്പുറം, പ്രതിഭ തച്ചേട്ട്, മേഴ്സി തിരുനെല്ലിപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിമൻസ് ഫോറം എക്സിക്യൂട്ടീവും ഏരിയാ കോർഡിനേറ്റേഴ്സിന്റെയും ആഭിമുഖ്യത്തിൽ വിമൻസ് ഫോറത്തിനും അതുവഴി കെ.സി.എസിനും പുതിയ ഊർജ്ജവും പ്രസരിപ്പും നൽകും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഇവരുടെ നേതൃത്വത്തിൽ ഗുണപരമായ മാറ്റങ്ങൾ നമ്മുടെ സമൂഹത്തിൽ വരുത്തുവാൻ കഴിയട്ടെ എന്ന് ആഗ്രഹിക്കുകയും അതിനായി നിങ്ങളോരോരുത്തരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ദീപു കണ്ടാരപ്പള്ളിയുടെ നേതൃത്വത്തിലുള്ള യുവജനവേദിയുടെ പ്രവർത്തനങ്ങൾ ഇന്ന് ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയിരിക്കുകയാണ്. നമ്മുടെ യുവജനങ്ങളെ സമുദായപ്രവർത്തനങ്ങളോട് ചേർത്തുനിർത്തി വംശീയ പാരമ്പര്യങ്ങളിൽ ഉറച്ചുവിശ്വസിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ യുവജനവേദിക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയാണ്.

റ്റിമ്മി ഇടിയാലിയുടെ നേതൃത്വത്തിലുള്ള കഴിവുറ്റതും പകതയാർജ്ജിക്കുന്നതുമായ പുതിയ നേതൃത്വം കെ.സി.വൈ.എൽ. ന് ലഭിച്ചത് വളരെ വലിയ ഭാഗ്യമായി ഞാൻ കണക്കാക്കുന്നു. വിവിധ സംസ്കാരങ്ങളുടെ മിശ്രിതമായ ഈ രാജ്യത്ത് നമ്മുടെ കുട്ടികളിൽ സമുദായസ്നേഹവും കുടുംബമൂല്യങ്ങളും ഊട്ടിവളർത്തുവാനും മികവുറ്റ ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാനും കെ.സി.വൈ.എൽ.ന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുകയാണ്. അതുപോലെ തന്നെ നമ്മുടെ ഇടയിൽ വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് ഗോൾഡീസ്മീറ്റിംഗ്. എല്ലാമാസവും രണ്ടാമത്തെ വെള്ളിയാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ ഒത്തുചേരുകയും സൗഹൃദം പങ്കിട്ട് ബന്ധങ്ങൾ ഊട്ടിവളർത്തി ശക്തമായി മുന്നോട്ടുപോകുന്ന ഇവരുടെ പ്രവർത്തനം മുക്തകണ്ഠം പ്രശംസിക്കേണ്ടതാണ്.

ദിവംഗതരായ നമ്മുടെ പിതാക്കന്മാരുടെ അനുസ്മരണവും കെ.സി.എസിന്റെ പ്രവർത്തനോദ്ഘാടനവും 29-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്ററിൽവച്ച് നടത്തുന്ന വിവരം ഇതിനോടകം നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. ഷിക്കാഗോയിലെ മുഴുവൻ ക്നാനായ മക്കളേയും 29-ാം തീയതി ശനിയാഴ്ച വൈകിട്ട് കമ്മ്യൂണിറ്റിസെന്ററിലേക്ക് പ്രത്യേകം പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

ഒത്തിരി സ്നേഹത്തോടെ,
നിങ്ങളുടെ പ്രസിഡന്റ്
സിറിയക് കൂവക്കാട്ടിൽ

സോഷ്യൽ ബോഡി മീറ്റിംഗ്

കെ.സി.എസിന്റെ ഈ വർഷത്തെ ആദ്യത്തെ സോഷ്യൽ ബോഡി മീറ്റിംഗ് ഫെബ്രുവരി 12-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് കൂടുന്നു. പുതിയ ബിൽഡിംഗ് ബോർഡ് മെമ്പേഴ്സിനെ തെരഞ്ഞെടുക്കുക, കെ.സി.എസി ന്റെ പ്രോപ്പർട്ടികളെക്കുറിച്ചുള്ള ചർച്ച, മറ്റിനങ്ങൾ എന്നിവയാണ് അജണ്ട. എല്ലാ സോഷ്യൽ ബോഡി അംഗങ്ങളും ഇതൊരറിയിപ്പായി സ്വീകരിച്ച് സോഷ്യൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

സൈമൺ മുട്ടത്തിൽ
കെ. സി. എസ്. സെക്രട്ടറി

കെ.സി.സി.എൻ.എ മീറ്റ് ദ കാൻഡിഡേറ്റ് പരിപാടി ഉജ്ജ്വലമായി

കെ.സി.സി.എൻ.എ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന മൂന്ന് മത്സരാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തിയ മീറ്റ് ദ കാൻഡിഡേറ്റ് പരിപാടി ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്ക് അർഹമായി. കെ.സി.എസ്. അംഗങ്ങളിൽനിന്നും ലഭിച്ച ചോദ്യങ്ങൾ ക്രോഡീകരിച്ച് നടത്തിയ പരിപാടി മത്സരാർത്ഥികളുടെ മികവുകൊണ്ടും സദസ്സിന്റെ മാന്യവും പക്വതയാർജ്ജിച്ച സമീപനംകൊണ്ടും സംഘാടകമികവുകൊണ്ടും ഉജ്ജ്വലവിജയമായി മാറി.

വിമൻസ് ഫോറത്തിന് കരുത്തുറ്റ സാരഥികൾ

ഗ്രേസി വാച്ചാച്ചിറ
(പ്രസിഡന്റ്)

ഡെല്ല നെടിയകാലായിൽ
(വൈസ് പ്രസിഡന്റ്)

ലിസി തോട്ടപ്പുറം
(സെക്രട്ടറി)

പ്രതിഭ തച്ചേട്ട്
(ജോ. സെക്രട്ടറി)

മേഴ്സി തിരുനെല്ലിപ്പറമ്പിൽ
(ട്രഷറർ)

കെ.സി.എസ്. വിമൻസ് ഫോറം ബോർഡ് മെമ്പേഴ്സ്

യുവജനവേദിക്ക് നവനേതൃത്വം

ദീപു കണ്ടാരപ്പള്ളിൽ
(പ്രസിഡന്റ്)

നീതു കുറുപ്പുംപറമ്പിൽ
(എക്സി. വൈസ് പ്രസിഡന്റ്)



അജോമോൻ പൂത്തറയിൽ
(വൈസ് പ്രസിഡന്റ്)



അബിൻ കുളത്തിൽകരോട്ട്
(സെക്രട്ടറി)

റോമി നെടുംഞ്ചിറ
(ട്രഷറർ)

ജിബിറ്റ് കിഴക്കേക്കുറ്റ്
(ജോ. സെക്രട്ടറി)

ഷെറിൻ ചേത്തലിൽകരോട്ട്
(ജോ. സെക്രട്ടറി)

യുവജനവേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ മാസത്തെയും രണ്ടാമത്തെ വെള്ളിയാഴ്ച കമ്മ്യൂണിറ്റി സെന്റിൽവച്ച് മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. അടുത്ത മീറ്റിംഗ് ഫെബ്രുവരി 11 വെള്ളിയാഴ്ച 6.30 പി.എം.

കെ.സി.എസ്. എക്സിക്യൂട്ടീവ് മെമ്പേഴ്സ് യുവജനവേദി അംഗങ്ങളോടൊപ്പം

കെ.സി.വൈ.എൽ. സാരഥികൾ



റ്റിമ്മി
ഇടിയാലിൽ
(പ്രസിഡന്റ്)

തൊമ്മൻ
പുത്തൻപുരയിൽ
(എക്സി. വൈസ് പ്രസിഡന്റ്)



ജോമിൻ
ഐക്കരപ്പറമ്പിൽ
(വൈസ് പ്രസിഡന്റ്)

റ്റിസി
വെട്ടിക്കാട്ടിൽ
(സെക്രട്ടറി)

ജെയ്ക്
നെടിയകാലായിൽ
(ജോ.സെക്രട്ടറി)

നീൽ
ഇടാട്ട്
(ജോ.സെക്രട്ടറി)

ജെറി
താന്നിക്കുഴിപ്പിൽ
(ട്രഷറർ)

A Message from KCYL President

Dear Knanaya Friends,

On behalf of the Chicago Knanaya Catholic Youth League (KCYL), I would like to thank everyone for their support. The youth are the future leaders of our Knanaya community and it is crucial that we, as a community, support and help KCYL grow to become the best leaders that we can be. I plan to help KCYL grow by getting the love and encouragement of all of our Knanaya parents. Every youth needs time set aside from school and work to attend social gatherings, participate in religious activities, and volunteer their time to help people who are in need. We will push forward and work with the KCS association to keep our traditions and values strong within our hearts. These are a few of the many things KCYL will achieve in the upcoming years, but it all starts with the helping hand of our fellow Knanaya family and friends.

Thank you,
Timmy Idiyalil

കെ.സി.എസ്. എക്സിക്യൂട്ടീവ് മെമ്പേഴ്സ് ബോർഡ് അംഗങ്ങളോടൊപ്പം

കെ.സി.എസ്. എക്സിക്യൂട്ടീവ് മെമ്പേഴ്സ്
ഗോൾഡീസ് മെമ്പേഴ്സിനോടൊപ്പം

മുൻ എക്സിക്യൂട്ടീവ് അംഗങ്ങൾ പുതിയ ഭരണസമിതിക്ക്
രേഖകൾ കൈമാറുന്നു.

Message From Previous Executive

സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരെ,

2009 ജനുവരി മാസത്തിൽ ഞങ്ങൾ കെ.സി.എസിന്റ അധികാരം ഏറ്റെടുത്തപ്പോൾ ഹോപ്മാൻ എസ്റ്റേറ്റിൽ കെ.സി.എസിന്റെ ഉടമസ്ഥതയിലുള്ള 6.95 ഏക്കർ സ്ഥലത്തിൽ 0.87 ഏക്കർ സ്ഥലം ഉപയോഗശൂന്യമായ വെസ്റ്റ്ലാൻഡ് ആണെന്നും അവിടെ എന്തെങ്കിലും ചെയ്യണമെങ്കിൽ ആ സ്ഥലത്ത് ആർമി ക്രോപ്സ് ഓഫ് എഞ്ചിനിയേഴ്സിന് അധികാരപരിധി ഇല്ല എന്നുള്ള ക്ലിയറൻസ് വേണെന്നും മുൻ എക്സിക്യൂട്ടീവിൽനിന്നും (Letter dated 12-5-08 to KCS Social body members) അന്നത്തെ ആർക്കിടെക്, ലാൻഡ് എഞ്ചിനീയറിംഗ് ഫേമ്സിൽനിന്നും മനസ്സിലാക്കിയതനുസരിച്ച് 2009 ഏപ്രിൽ മാസത്തിൽ ആ ആർക്കിടെക്കിന്റെ തന്നെ വെറ്റ്ലാൻഡ് സ്റ്റഡി ഏജൻസിവഴി ആപ്ലിക്കേഷൻ നൽകി.

അതിന് സാധാരണഗതിയിൽ വേണ്ട 6 മാസത്തെ കാലതാമസത്തിനിടയിൽ പല ചുവപ്പ്നാടകളിലും കുരുക്കിലാക്കപ്പെട്ടതിന്റെ ഫലമായി ആ സ്ഥലം ആർമി ക്രോപ്സ് ഓഫ് എഞ്ചിനീയറിംഗിന്റെ ജുഡിക്ഷൻ വരുന്നതാണ് എന്ന് തീരുമാനിച്ചതായി ഞങ്ങളെ അറിയിച്ചു. ഈ തീരുമാനം തികച്ചും അന്യായവും സത്യവിരുദ്ധവുമാണെന്ന് മറ്റ് സോഴ്സുകളിൽനിന്നും മനസ്സിലാക്കിയതുകൊണ്ട് അന്നത്തെ ആർക്കിടെക്, ലാൻഡ് എഞ്ചിനീയറിംഗ് ഫേമിനെ മാറ്റി പുതിയ ആർക്കിടെക് ലാൻഡ് എഞ്ചിനീയറിംഗ് ഫേമിനെ ഹയർ ചെയ്ത് അവരെക്കൊണ്ട് ഫീൽഡ് സ്റ്റഡി നടത്തി 2009 നവംബറിൽ ഞങ്ങൾ ഈ തീരുമാനത്തിലെത്തിയതായി അപ്പീൽകൊടുത്തു. ഈ നിയമയുദ്ധത്തിന്റെ അന്തിമതീരുമാനം 2010 നവംബർ 14-ാം തീയതി ഉണ്ടായത് നമുക്കനുകൂലമായാണ്. അതായത് ഈ 0.87 ഏക്കർ സ്ഥലത്ത് ആർമി ക്രോപ്സ് ഓഫ് എഞ്ചിനിയേഴ്സിന് ജുഡീക്ഷൻ അഥവാ അധികാരപരിധി ഇല്ലാ എന്നും നമ്മുടെ 6.95 ഏക്കർ സ്ഥലം പൂർണ്ണമായും നമുക്ക് സിറ്റി പെർമിറ്റോടുകൂടി എങ്ങനെവേണമെങ്കിലും ഉപയോഗിക്കാമെന്നും ഉന്നതാധികാരികളിൽനിന്നും അറിയിപ്പ് ലഭിച്ചവിവരം ക്നാനായ നെറ്റിൽ നിങ്ങളെ അറിയിച്ചിരുന്നല്ലോ.



DEPARTMENT OF THE ARMY
CHICAGO DISTRICT, CORPS OF ENGINEERS
111 NORTH CANAL STREET
CHICAGO, ILLINOIS 60606-7206

REPLY TO ATTENTION OF:

January 14, 2011

Technical Services Division
Regulatory Branch

SUBJECT: Jurisdictional Redetermination for Property Located at 31W107 Rohrsen Road in Elgin, Cook County, Illinois

Knanaya Catholic Society of Chicago
Attn: Ms. Meyamma Peter
6728 Hazel Street
Morton Grove, IL 60053

Dear Ms. Peter:

This is in response to the Appeal Decision dated November 16, 2010 issued by U.S. Army Corps of Engineers Appeal Review Officer of the Great Lakes and Ohio River Division. This Decision found your jurisdictional appeal to have merit and required our office to clarify the administrative record. Subsequently our review of the record, the Appeal Decision and as a result of an additional visit to the site, this office has determined that there are no waterways, wetlands or other areas considered "waters of the United States" under Corps of Engineers jurisdiction at the site. Therefore a Department of the Army permit under Section 404 of the Clean Water Act is not required.

Sincerely,

Kathleen G. Chernich
Chief, East Section
Regulatory Branch

എങ്കിലും അപ്പീലിന്റെ അന്തിമതീരുമാനം ആധികാരികമായി നമ്മളെഴുതി അറിയിക്കേണ്ടത്, ആദ്യം തെറ്റായ തീരുമാനം എടുത്ത ഓഫീസിൽ നിന്നുതന്നെവേണം. അങ്ങനെ 22 മാസം നീണ്ടുനിന്ന നിയമയുദ്ധത്തിന്റെ അന്തിമതീരുമാനം 2011 ജനുവരി 14-ാം തീയതി എഴുതി ലഭിച്ചതിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ അറിവിലേക്കായി ഇതിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇനി സോഷ്യൽബോഡിയുടെ തീരുമാനം അനുസരിച്ച് അവിടെ എന്തുവേണമെങ്കിലും ചെയ്യാം.

ദുഷ്ക്കരമായ ഈ സംരംഭത്തിൽ ഞങ്ങളെ സഹായിച്ച ആർക്കിടെക് ലോ ഫേമ്സ്, ലാൻഡ് എഞ്ചിനീയറിംഗ് ഫേമ്സ് ഇവർക്കും അതുകൂടാതെ മോറൽ സപ്പോർട്ട് തന്ന് എന്നെ സഹായിച്ച എന്റെ സഹപ്രവർത്തകരായ ജോസ് തൂമ്പനാൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, നിണൽ മുണ്ടപ്ലാക്കിൽ എന്നിവരോടും മറ്റ് എല്ലാ സമുദായ സ്നേഹികൾക്കും ഒരിക്കൽക്കൂടി നന്ദി പറയുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

കഴിഞ്ഞ 2 വർഷം ദൈവം നമ്മുടെ സമൂഹത്തിന് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം ഞങ്ങൾ പ്രസിദ്ധീകരിച്ച സ്മരണിക 2010 ൽ ഫാമിലി ഫോട്ടോകളും, കോംപ്ലിമെന്റസും തന്ന് സ്പോൺസർ ചെയ്ത എല്ലാവർക്കും, അതിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ആത്മാർത്ഥമായി സഹായിച്ച എല്ലാ സുവനീർ കമ്മറ്റി അംഗങ്ങൾക്കും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ടും സിറിയക് കൂവക്കാട്ടിലിന്റെയും, ബിനു പൂത്തുറയുടെയും നേതൃത്വത്തിലുള്ള എക്സ്ക്യൂട്ടീവിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് നിർത്തട്ടെ.

സ്നേഹാദരങ്ങളോടെ
മുൻ എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി
മേയമ്മ വെട്ടിക്കാട്ട്
(മുൻ കെ.സി.എസ്. പ്രസിഡന്റ്)

പ്രത്യേക ശ്രദ്ധയ്ക്ക്

നമ്മുടെ എല്ലാ വീടുകളിലും തപാൽമുഖേന എത്തുന്ന ക്നാനായ മുഖപത്രമായ കെ.സി.എസ്. ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കുന്നതിനായി വിവാഹവാർഷികം, ജന്മദിനാശംസകൾ, ഉപകാര സ്മരണകൾ, പാവനസ്മരണകൾ, നിങ്ങളുടെ ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങിയ പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ന്യൂസ് ലെറ്ററിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി ഏതെങ്കിലും എക്സിക്യൂട്ടീവ് മെമ്പേഴ്സുമായി ബന്ധപ്പെടുകയോ Chicagokcs@gmail.com or samuttathil@gmail.com എന്ന വിലാസത്തിലേക്ക് പരസ്യങ്ങൾ അയയ്ക്കുകയോ ചെയ്യുക. കെ.സി.എസ്. അംഗങ്ങൾക്ക് ആർക്കെങ്കിലും ന്യൂസ് ലെറ്റർ ലഭിക്കാതെയുണ്ടെങ്കിൽ ഈ വിലാസത്തിൽ ബന്ധപ്പെടുക.

BEST COMPLIMENTS

AKANKSHA BOUTIQUE
Be good to your style
സാരി
ചുരിദാർ
ചോളി
ഘരാര
കുർത്തി
ആഭരണങ്ങൾ
9196 W. GOLF RD.
(Golf Rd & Dee Road at Golf Glen Plaza)
NILES, IL 60714
Ph: 847-470-9600
From Bindi to Bridal All under one roof !!!
Hours:Tuesday thru saturday 11:00 am to 8:00pm
Sunday 1:00 pm to 6 :00 pm (monday closed)
www.akankshaboutique.com

WE ARE COMMITTED TO EXCELLENCE
COMING TOGETHER TO SERVE YOU BETTER
Sofi Lukose Puthenpurayil
(Loan Officer)
Lincolnwood Mortgage Services
4039 W. Main St. Skokie, IL 60076
Cell: 847-894-7486
Office: 847-674-1600
Fax: 847-674-1608
Email: lukose6@aol.com
Cyriac Lukose Puthenpurayil, Msc
Broker Associate
REMAX 1st Class Realty
3949 W. Dempster, Skokie, IL 60076
Cell: 847-877-2870
Office: 847-674-9797
Fax: 847-674-0411
Email: lukose6@aol.com
RESIDENTIAL & COMMERCIAL
Each Office Independently Owned and Operated

H&R BLOCK®
Preparing America's Taxes Since 1955
Mathadas Zachariah
Senior Tax Advisor I
Western Plaza 6212 N Western Ave
Chicago, IL 60659
Tel 773 973 4288 Fax 773 973 0166
mathadas.zachariah@tax.hrblock.com
Year Round Service
8351 B W Golf Rd Niles, IL 60714
Tel 847 966 7262 Fax 847 966 7266 hrblock.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Professionals with 13 Years experience in catering
WILLIAM GEORGE
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

Holiday Inn
200E RAND RD MOUNT PROSPECT IL
CALL : DAN GOEL 630 803 3157
DEEPAK SHAH - 847 650 0104
FOR HOLIDAY, BIRTHDAY ANNIVERSARY ETC.

NANCY NOWAK SANDER
AUTTOMEY AT LAW
847 965 4852
Cell: 847 361 1828 Fax: 847 965 4076
Email:nancynsandr@yahoo.com
8532 School street
Morton Grove Il 600 53

BINOY GEORGE
Asianet, Asianet plus, Asianet news,
Amrita, Shalom tv and JaiHind tv
Call me for new installation, service and technical help.
Ask, how you can get Divine tv free !
UNIQUE SATELLITE
Ph: 847 342 8455 office
847 361 4530 cell
world tv
Authorized retailer
We do LCD,PLAZMA and LED tv installation.

PDA LOAN & CONSULTING INC
For commercial Loan Call
DEEPAK SHAH
Phone: 847 410 2139, Cell: 847 680 0104
Fax: 847 750 0379
Email:deepakshah@yahoo.com
502 Pratt Avenue North
Schaumburg Il 60193

RELIABLE
PUMP SERVICE
For All pump Repairs
Call: JOHN BAIO
@815 546 7867
Specilzing in
Wayne, Tokheim, Gilbarco Dispensers & Ruby & Veeder root

Family Dental Practice

Wisdom Teeth Extraction, Dental Implant, Osseous Surgery (Gum Surgery)
Cosmetic Dentistry, Root Canal, Bridges, Crowns, Cleaning, Whitening

Dr. Susan Edukutharayil B.D.S., D.D.S
9709 N MIL WAUKEE AVE, GLENVIEW, IL 60025
Phone: 8475811418 Fax: 847 581 1445

Most Insurance accepted
Free Consultation,
Emergencies promptly treated

Jaibu Mathew E.A.

Enrolled to Practice Before IRS

7215 W. Touhy, Suite 5, Chicago, IL 60631
Office: 774-792-2117,312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing
* Refund in 24 Hours

ROYAL TRAVEL SERVICE

3423W. Lawrence Ave, Room #5, Chicago, IL 60625
TEL: (773) 509-9600, Fax: (773) 509-1196

Kuwait Airways * Air India
* Malaysian, Swiss Air,
British Airwarys, Lufthan
Saair France, Klm, Singapore Air Etc.

YOUR KNANAYA TRAVEL AGENCY
Conact:
JOSE KORATTIYIL,
JAY KALAYIL
CHERIAN VENKADATHU

Joseph Dental Clinic

611 Milwaukee Ave, Suite 175, Glenview, Il- 60025
Ph: 847 730 3926, Emergency : 773 718 1882

Dr. Mathew Joseph, DDS
(Northwestern Graduate)

New & Convenient Location
Complete Dental Care- Braces
All Insurance Welcome
24 Hour Emergency Service
Discount Available
Affordable Payment Plan

dedicated to keep the Golden Memmories alive for ever

DC Digital Photography

Contact: DOMINIC CHOLLAMPEL
Cell : 847 436 6199 Home: 847 663 1347
E-mail:djchollampel@yahoo.com

24 Hrs Towing Service
1-866-JOE-4-TOW

Quality Service Since 1964... Certified Mechanics

DEMPSTER & OZARK SHELL

7736 Dempster, MortonGrove
847-966-7200/847-966-7206

JOY CHEMMACHEL
312 560 1600

ALEX THEKKANATT
CHIEF TECHNICAN A.S.E. CERTIFIED

Knahomes.com

KNA Realty & Mortage Service

Mathew Maplate
847 208 8508

Mathew Joseph Maplate, M.Com, LLB, CAIIB, PG DPM
Consultant-Loan, Real Estate & Tax
E-mail:mathewmapleton@yahoo.com, ww.knahomes.com

Auto Home, Life Commercial

Insurance & fianancial Services*

Right coverage at right price. Let us get together and talk about your insurance and financial services* needs.

* Rollovers*
* Variable Annuities*
* Variable Universal Life Insurance*
* Mutual Funds*
* 529 College Savings Plans*
* IRAs*
* Retirement Plans*
* 401(k) Plans*

Securities offered through Farmers Financial Solutions, LLC Member FINRA & SIPC

8432 N. Waukegan Rd, Morton Grove, IL 60053.
Fax: 847-966-7992
Tel: 847-966-7990

Job Joseph (Job Makil)
Insurance and Financial Services Agent

FARMERS

For all your Personal and Business Tax Service

Tomy Nellamattam

619 N MILWAUKEE AVE
SUTE #25
Glenview:IL 60025

Office: 847 486 4112
Cell: 847 302 8556
Fax: 847 724 3247

For Your All Tax & Mortage Services

SABU MADATHIPARAMBIL
Cell: 847-276-7354/ 847-918-0242
Sabuphilip@hotmail.com
1600, Dempster, St. Suite-205,
Park Ridge, IL- 60068
(Opp. to Lutheran General Hospital)
Illinois Residential Mort-gage Licensee.

EQUAL HOUSING LENDER PMS

THE PREMIER GASOLINE DISTRIBUTION COMPANY

Gas DEPOT

WE FUEL YOUR GROWTH

CITGO MARATHON VALERO

Community Center Rent Only $ 500.00

നമ്മുടെ വിശേഷാവസരങ്ങൾ ആഘോഷിക്കുവാൻ നമ്മുടെ തന്നെ കമ്മ്യൂണിറ്റി സെന്റർ തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വാടകയും ക്ലീനിംഗ് ചാർജ്ജും വെറും $ 500 മാത്രം. അതുപോലെ മുകളിലത്തെ ഹാളുകൾക്ക് വാടക വെറും $ 150 മാത്രം

Please Contact-

Mathias Pullappallil
at 847 644 6305
or
Binu Poothurayil
at 847 644 9869

When Quality counts,

FANCY DIGITAL VIDEO PRODUCTIONS

Capture all of life's wonderful celebrations with quality video from Fancy Video Production

630 769 9170

KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630

ADDRESS CORRECTION REQUESTED